**ആർ. എഫ്. സി. ടി .എൽ.എ.ആർ.ആർ ആക്റ്റ് 2013 പ്രകാരം ധർമ്മടം പുഴയ്ക്ക് കുറുകെ റെയിൽവെ പാലം 1087 പുനനിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി , എക്സ്പേർട്ട് ഗ്രൂപ്പിന്റെ തീരുമാനം**

20.01.2017 ന് എക്സ്പേർട്ട് ഗ്രൂപ്പ് പ്രതിനിധികൾ മേൽ പ്രൊജക്റ്റുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട ധർമ്മടം വില്ലേജ് ധർമ്മടം ദേശത്തെ റി. സ 73/3, 73/5, 73/6, 73/7, 73/12 ൽ പ്പെട്ട സ്ഥലങ്ങളും , തലശ്ശേരി വില്ലേജ് മണ്ണയാട് ദേശത്ത് റി.സ 6/1, 6/4 ൽപ്പെട്ട സ്ഥലങ്ങളും പരിശോധിച്ചു.

ധർമ്മടം വില്ലേജ് ,ധർമ്മടം ദേശത്ത് 73/5 ൽ പ്പെട്ട ശ്രീമതി നാരായണി എന്നവർ താമസിക്കുന്ന വീട് മുഴുവനായും പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കേണ്ടതുണ്ട്. അതുപോലെ 73/3, 73/6, 73/7, 73/12 എന്നീ സർവ്വ നമ്പറിൽപ്പെട്ട സ്ഥലങ്ങളും പരിശോധിച്ചതിൽ ടി സ്ഥലങ്ങൾ പുതുതായി നിർമ്മിക്കേണ്ട റെയിൽവെ പാലത്തിനുവേണ്ടി നിർബന്ധമായും ഏറ്റെടുക്കേണ്ടതാണെന്നും ബോധ്യപ്പെട്ടു. ഈ ആവശ്യത്തിന് യുക്തമായ പകരം ഭൂമി ഒന്നും തന്നെ ലഭ്യമല്ല.

മേൽ സൂചിപ്പിച്ച സർവ്വെ നമ്പർ 73/5 ൽ പ്പെട്ട നാരായണി എന്നവരുടെ വീട് പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കേണ്ടതിനാൽ നിയമാനുസരണം പകരം സംവിധാനത്തിനുള്ള നടപടി കൈക്കൊള്ളാവുന്നതാണ്.

തലശ്ശേരി വില്ലേജ് മണ്ണയാട് ദേശത്ത് റി.സ 6/1, 6/4 ൽപ്പെട്ട സ്ഥലങ്ങളാണ് മേൽ ആവശ്യത്തിന് ഏറ്റെടുക്കേണ്ടത്. പ്രസ്തുത സ്ഥലങ്ങൾ പരിശോധിച്ചതിൽ ഈ രണ്ട് സർവ്വെ നമ്പറുകളിൽപ്പെട്ട സ്ഥലവും വെള്ളക്കെട്ടാണെന്നും കാണുന്നു. 4(1) നോട്ടിഫിക്കേഷൻ പ്രകാരം റി.സ 6/4 ൽ പ്പെട്ട സ്ഥലം കരഭൂമിയാണെങ്കിലും നിലവിൽ വെള്ളക്കെട്ട് ഭൂമിയാണെന്ന് സ്ഥലപരിശോധനയിൽ കാണാൻ കഴിഞ്ഞു. റെയിൽവെ മേൽപ്പാലം നിർമ്മാണത്തിന് ഈ സ്ഥലവും അത്യാവശ്യമാണ്.

മേൽ സാഹചര്യത്തിൽ സ്ഥലത്തിന്റെ വിസ്തീർണ്ണം തരം എന്നിവയിൽ വ്യക്തത വരുത്തി ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് ശുപാർശ ചെയ്യുന്നു.

കണ്ണൂർ
25.01.2017

സി.എം മുരളീധരൻ [ഡെപ്യൂട്ടി കലക്ടർ (Rtd)],
ചെയർപേഴ്സൺ , എക്സ്പേർട്ട് ഗ്രൂപ്പ്.